**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** **02-02-2026 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പദ്ധതി പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | പേരാമ്പ്ര നിയോജക മണ്ഡലത്തിലെ പഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് - പൈപ്പ് 225 km ലൈൻ സ്ഥാപിക്കാനുള്ളതിൽ 172 km പൈപ്പ് ലൈൻ സ്ഥാപിച്ചു . സമ്പ് , ടാങ്ക് , ഗ്രാവിറ്റി മെയിൻ പൈപ്പ്ലൈൻ, പമ്പിങ് മെയിൻ എന്നിവയുടെ പ്രവൃത്തി ആരംഭിക്കാനുണ്ട്.<br><br>അരിക്കുളം പഞ്ചായത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികൾ 2 ഘട്ടങ്ങളായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ട പ്രവൃത്തി 90% പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തി 55% പൂർത്തീകരിച്ചു. ജലസംഭരണിയുടെ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു 132 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു<br><br>കൂത്താളി ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തികൾ രണ്ടു ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത് ഇതിൽ ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു പെരുവണ്ണാമൂഴിയിലെ നിലവിലെ 12MLD ശുദ്ധീകരണ ശാലയിൽ നിന്നും ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. രണ്ടാം ഘട്ട പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 135 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു<br><br>ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ച് പെരുവണ്ണാമൂഴിയിലെ നിലവിലെ 12MLD ശുദ്ധീകരണ ശാലയിൽ നിന്നും ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. രണ്ടാംഘട്ട പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുകയാണ് . 191 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു. |

ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ നാല് ഘട്ടങ്ങളിൽ ആയിട്ടാണ് ക്രമീകരിച്ചിരിക്കുന്നത് ഇതിൽ ഒന്നും രണ്ടും ഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ച പെരുവണ്ണാമൂഴിയിലെ 12 MLD ശുദ്ധീകരണ ശാലയിൽ നിന്നും ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. മൂന്നും നാലും ഘട്ട പ്രവൃത്തികൾ പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു 262 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു

മേപ്പയൂർ ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ രണ്ടു ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത് രണ്ടു പ്രവൃത്തികളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ് 185 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിൽ ആയിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ച് പെരുവണ്ണാമൂഴിയിലെ നിലവിലെ 12 എം എൽ ഡി ശുദ്ധീകരണശാലയിൽ നിന്നും ഭാഗികമായി ജലവിതരണം നടത്തുന്നുണ്ട്. രണ്ടാംഘട്ട പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ് 97 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു

കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്നാംഘട്ടം 92 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് പൂർത്തീകരിച്ചു 3890 വീടുകളിൽ കണക്ഷൻ നൽകി. ജലസംഭരണിയുടെ പ്രവൃത്തി 95 ശതമാനം പൂർത്തീകരിച്ചു .

രണ്ടാംഘട്ട പ്രവൃത്തിയിൽ റോഡ് പുനരുദ്ധാരണ പ്രവർത്തി നടന്നുകൊണ്ടിരിക്കുന്നു.

നൊച്ചാട് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ രണ്ട് ഘട്ടങ്ങളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം ഘട്ട പ്രവൃത്തിയിൽ 187 km പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉള്ളതിൽ 172 km സ്ഥാപിച്ചു. ജല സംഭരണിയുടെ പ്രവൃത്തി 90% പൂർത്തീകരിച്ചു. ജല സംഭരണി സ്ഥാപിച്ച സ്ഥലത്തേക്ക് സ്ഥിരമായ വഴി ഗ്രാമപഞ്ചായത്ത് അനുവദിച്ച് നൽകിയിട്ടില്ല . രണ്ടാം ഘട്ട പ്രവൃത്തി ആരംഭിച്ചിട്ടില്ല .

തുറയൂർ പഞ്ചായത്തിലെ എല്ലാ ജല ജീവൻ മിഷൻ പ്രവൃത്തിയും പൂർത്തീകരിച്ച് പഞ്ചായത്ത് ഹർ ഘർ ജൽ പ്രഖ്യാപിച്ചു 3736 കണക്ഷൻ കൊടുത്തു.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച ഗ്രാമീണ റോഡുകളുടെ റീസ്റ്റോറേഷൻ പ്രവൃത്തിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | അരിക്കുളം പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 80 % പൂർത്തീകരിച്ചു.<br><br>കുത്താളി പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 99 % പൂർത്തീകരിച്ചു.<br><br>ചങ്ങരോത്ത് പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 95 % പൂർത്തീകരിച്ചു.<br><br>ചക്കിട്ടപ്പാറ പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 96 % പൂർത്തീകരിച്ചു.<br><br>മേപ്പയൂർ പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 50 % പൂർത്തീകരിച്ചു.<br><br>പേരാമ്പ്ര പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 80 % പൂർത്തീകരിച്ചു.<br><br>കീഴരിയൂർ പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 60 % പൂർത്തീകരിച്ചു.<br><br>നൊച്ചാട് പഞ്ചായത്തിലെ LSGD റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 35 % പൂർത്തീകരിച്ചു.<br><br>തുറയൂർ പഞ്ചായത്തിലെ എല്ലാ റോഡുകളും പുനരുദ്ധരിച്ചു .<br><br>ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ 9.2% പൂർത്തീകരിച്ചു . |
| (സി) | പദ്ധതി എപ്പോൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പേരാമ്പ്ര നിയോജക മണ്ഡലത്തിലെ കുത്താളി, ചങ്ങരോത്ത് , പേരാമ്പ്ര , ചക്കിട്ടപ്പാറ, മേപ്പയൂർ, അരിക്കുളം എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജൽ ജീവൻ പദ്ധതികൾ ഭാഗികമായി ജലവിതരണം നടത്തുന്നുണ്ടെങ്കിലും പൂർണമായും കമ്മീഷൻ ചെയ്യണമെങ്കിൽ പെരുവണ്ണാമൂഴിയിലെ 100MLD ജല ശുദ്ധീകരണശാലയും അനുബന്ധ പ്രവൃത്തികളും പൂർത്തിയാക്കേണ്ടതുണ്ട്. ആയത് 70% പൂർത്തീകരിച്ചിട്ടുണ്ട്. തുടർ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. പ്രവൃത്തി പൂർത്തീകരിച്ച് 2026 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ